**കേരള സർക്കാർ**

സംഗ്രഹം

ശമ്പള പരിഷ്കരണം 2014 - ഭാരതീയ ചികിത്സാ വകുപ്പ് -ആയുർവ്വേദ തെറാപിസ്റ്റ്, ആയുർവ്വേദ തെറാപിസ്റ്റ് (ഹയർ ഗ്രേഡ്) തസ്തികകൾ തമ്മിലുള്ള അനുപാതം തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പി.ആർ.സി-ഡി)വകുപ്പ്**

സ.ഉ(കൈ)നം.263/2018/(104)/ധന തീയതി, തിരുവനന്തപുരം, 19/07/2018

---

പരാമർശം : 1.സ.ഉ(അച്ചടി)നം.85/2011/ധന തീയതി 26.02.2011
2.സ.ഉ(അച്ചടി)നം.7/2016/ധന തീയതി 20.01.2016
3.ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 24.03.2017 തീയതിയിലെ ഇ 1/8333/2016 /ഐ.എസ്.എം. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും അലവൻസുകളും 01.07.2009 പ്രാബല്യത്തിൽ പരിഷ്കരിച്ച് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ഭാരതീയ ചികിത്സാ വകുപ്പിലെ ആയുർവ്വേദ തെറാപിസ്റ്റ് (ഹയർ ഗ്രേഡ്), ആയുർവ്വേദ തെറാപ്പിസ്റ്റ് തസ്തികകൾ തമ്മിലുള്ള അനുപാതം 1:3 ആയിരുന്നു. പിന്നീട് ടി തസ്തികകൾ തമ്മിലുള്ള അനുപാതം 1:2 ആയി പരിഷ്കരിക്കണമെന്ന് പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. എന്നാൽ പരാമർശം 2 പ്രകാരമുള്ള പത്താം ശമ്പള പരിഷ്കരണ ഉത്തരവിൽ ഭാരതീയ ചികിത്സാ വകുപ്പിന്റെ പട്ടികയിൽ ആയുർവ്വേദ തെറാപ്പിസ്റ്റ്, ആയുർവ്വേദ തെറാപിസ്റ്റ്(ഹയർ ഗ്രേഡ്) തസ്തികകൾ തമ്മിലുള്ള അനുപാതം 2:1 എന്നതിന് പകരം 1:2 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ പ്രസ്തുത തെറ്റ് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 3 പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 ഉത്തരവിലെ പേജ് 235 ൽ ഭാരതീയ ചികിത്സാ വകുപ്പിന്റെ പട്ടികയിൽ

അടിക്കുറിപ്പ് 'g' ചുവടെപ്പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു:

'g' :- ആയുർവ്വേദ തെറാപിസ്റ്റ്, ആയുർവ്വേദ തെറാപിസ്റ്റ്(ഹയർ ഗ്രേഡ്) തസ്തികകൾ തമ്മിലുള്ള അനുപാതം 2:1 ആയിരിക്കും.

ഈ ഉത്തരവിന് 01.04.2016 മുതൽ പ്രാബല്യം ഉണ്ട്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജി.അശോക് കുമാർ**

അഡീഷണൽ സെക്രട്ടറി(ധനകാര്യം)

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ)കേരള, തിരുവനന്തപുരം
ഗവർണ്ണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
ഗവൺമെന്റ് സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ,
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-623391)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ